പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 568

01.12.2015-ലെ
മറുപടിയ്ക്ക്

## മാവൂർ ഗ്രാസിം കമ്പനി പ്രവർത്തിച്ചുവന്ന ഭൂമി

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | 2001 ൽ അടച്ചുപൂട്ടിയ കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാസിം കമ്പനി പ്രവർത്തിച്ചുവന്ന ഭൂമിയുടെ അവകാശം നിലവിൽ ആർക്കാണെന്ന് അറിയിക്കുമോ; പ്രസ്തുത ഭൂമിയുടെ അളവും ബാധ്യതകളും സംബന്ധിച്ച് വിശദമാക്കാമോ; | എ) | കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാസിം കമ്പനി പ്രവർത്തിച്ചുവന്ന ഭൂമിയുടെ അവകാശം നിലവിൽ ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡിനാണ്. 1960 -77 കാലയളവിൽ വ്യവസായ ആവശ്യത്തിനുവേണ്ടി സർക്കാർ 238.41 ഏക്കർ ഭൂമി ഗ്രാസിം കമ്പനിക്ക് വേണ്ടി അക്വയർ ചെയ്തു നൽകിയിട്ടുള്ളതുൾപ്പെടെ മൊത്തം 320.78 എക്കർ ഭൂമി ഗ്രാസിം കമ്പനിയുടെ കൈവശത്തിലുണ്ട്. |
| ബി) | ഗ്രാസിം കമ്പനി പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി നിർദ്ദേശിച്ച ഏതെങ്കിലും പദ്ധതി പ്രാവർത്തികമാക്കാവുന്നതാണോ ; പ്രസ്തുത ഭൂമിയേയും പദ്ധതി നിർദ്ദേശങ്ങളേയും സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ; | ബി) യും സി) യും | ഗ്രാസിം കമ്പനി പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച പദ്ധതികളൊന്നുംതന്നെ പ്രാവർത്തിക യോഗ്യമായിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 17.09.2015 ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് യോജിച്ചതും, ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതും, പെട്ടെന്ന് നടപ്പിൽ വരുത്താവുന്നതുമായ ഒന്നോ രണ്ടോ പ്രവർത്തനയോഗ്യമായ പദ്ധതികളുമായി മുന്നോട്ടു വരണമെന്ന് കമ്പനി പ്രതിനിധികളോട് ആവശ്യപ്പെട്ടിരുന്നു. മേൽപ്പറഞ്ഞ നിർദ്ദേശം കമ്പനിയുടെ 2015 ഒക്ടോബർ മാസത്തിൽ കൂടുന്ന ഡയറക്ടർ |
| സി) | പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള എന്തെങ്കിലും പുതിയ പദ്ധതിക്ക് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ബോർഡിന്റെ യോഗത്തിൽ സമർപ്പിക്കാമെന്നും അതിന്മേൽ ഉചിതമായ തീരുമാനമെടുത്ത് എത്രയും പെട്ടെന്ന് പുതിയ നിർദ്ദേശം സർക്കാരിന് സമർപ്പിക്കാമെന്നും കമ്പനി പ്രതിനിധികൾ ഉറപ്പു നൽകിയിരുന്നെങ്കിലും പദ്ധതി നിർദ്ദേശങ്ങളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**